# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM11/2114/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM11/2114/2021 തീയ്യതി: 03/02/2022

## മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-10-2019 മുതൽ 24-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2021 | 08-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2021 | 08-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുൾ സത്താർ സി പി, ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് പി ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന എ പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അമീൻ ഫൈസൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വിനീത പി പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രസീത മണിയാണി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 24-12-2020 |
| ശ്രീമതി. ജമീല ചാലിയത്തൊടി | പ്രസിഡന്റ് | 25-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷറഫുദ്ധീൻ ഇ | സെക്രട്ടറി | 01-04-2020 | 23-04-2020 |
| | | 01-06-2020 | 20-12-2020 |
| | | 18-01-2021 | 02-03-2021 |
| ശ്രീമതി.താഹിറ എൻ കെ | സെക്രട്ടറി ഇൻ ചാർജ്ജ് | 24-04-2020 | 31-05-2020 |
| | | 21-12-2020 | 17-01-2021 |
| ശ്രീമതി.ബിജുല ബാലൻ | കൃഷി ഓഫീസർ | 01-04-2020 | 09-02-2021 |
| ശ്രീമതി.ഫാത്തിമ ഷഹീന | കൃഷി ഓഫീസർ | 10-02-2021 | 05-03-2021 |
| ശ്രീമതി.നസ്മി അബ്ദുൾ ഖാദർ ടി.കെ | കൃഷി ഓഫീസർ | 05-03-2021 | 31-03-2021 |
| ശ്രീമതി.ലൈല കരുമാരതൊടിക | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ഫുഹാദ് കോഴിസ്സൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി. ബേനസീർ | വി. ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശ്രീലത ടി വി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 30-11-2020 |
| ശ്രീമതി. സബീന | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-12-2020 | 31-03-2021 |
| ശ്രീ. നീലകണ്ഠൻ നമ്പൂതിരി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. അബ്ദുൽ ജലീൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിത | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.താഹിറ എൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 05-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Santhosh.P.T (Asst. Audit Officer, On 05-12-2021)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 05-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 10-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Santhosh.P.T (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Vineetha P P (Auditor, On 05-12-2021)<br>Last Updated By: Vineetha P P (Auditor, On 06-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-9 |
| 10 | പദ്ധതി അവലോകനം.<br>Written By: Vineetha P P (Auditor, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-11 |
| 12 | ഭൗതിക സൗകര്യങ്ങൾ ഒരുക്കാതെ വനിതാ ശാക്തീകരണ കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങി-ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.<br>Written By: ASEENA.A.P (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-12 |
| 13 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 08-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-13 |
| 14 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-14 |
| 15 | അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം.<br>Written By: Santhosh.P.T (Asst. Audit Officer, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-15 |
| 16 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-16 |
| 17 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് | 1-17 |

| | | |
|---|---|---|
| | 44041/- രൂപ അധിക തുക നൽകി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | |
| 18 | എയിഡഡ് സ്കൂളുകൾക്ക് ഷീ ടോയിലറ്റ്- വിവിധ അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 1-18 |
| 19 | കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-19 |
| 20 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Vineetha P P (Auditor, On 16-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-20 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 44,041/-രൂപ അധികം നൽകി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 05-12-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 09-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 08-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 09-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 09-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 05-12-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 19-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: ASEENA.A.P (Asst. Audit Officer, On 05-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 09-12-2021) | 4-11 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 03-02-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 22.02.2020 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2021 | 21.04.2021 | | -- |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2020-21) |
|---|---|
| മുന്നിരിപ്പ് | 19989331 |
| വരവ് | 101522599 |
| ആകെ | 121511930 |
| ചെലവ് | 93914753 |
| നീക്കിയിരിപ്പ് | 27597177 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16378878 | 16378878 | 16371803 | 7075 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11732061 | 11732061 | 10171151 | 1560910 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 89000 | 89000 | 89000 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 6700000 | 6700000 | 6697738 | 2262 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 0 | 5147406 | 5147406 | 5056772 | 90634 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 12024318 | 12024318 | 9750328 | 2273990 |
| പെർഫോമൻസ് ഗ്രാൻറ് – (Tied) | 0 | 7080000 | 7080000 | 3348637 | 3731363 |
| ബി.ഫണ്ട് | 0 | 66095660 | 66095660 | 66095660 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 272 | 103408513 | 222 | 66475662 | 20 | 30 | 81 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 242464.67 | 1002446 | 1244910.67 | 1233051.51 | 11859.16 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20459754 | 200459754 | 200459754 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 23760 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 9310000 | 3636 |
| വിധവാ പെൻഷൻ | 22049500 | 8459 |
| വാർദ്ധക്യകാല പെൻഷൻ | 25700600 | 10429 |
| വികലാഗ പെൻഷൻ | 7046800 | 2768 |
| വിവാഹ ധനസഹായം | 480000 | 16 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1435000 | 568 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.21 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 2672/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജെക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കാനാണ് നിർദ്ദേശിച്ചത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ചില ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ ചട്ടപ്രകാരം എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പല നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഉദാ:- മെഡിക്കൽ ഓഫീസർ). എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

5. ഗവ: സർക്കുകലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയ്ക്കും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്

) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല.

7. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. പഞ്ചായത്ത് കോമ്പൗണ്ടിലും ചുറ്റിലുമുള്ള വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താനും, ഗേറ്റുകൾ സ്ഥാപിച്ച് സുരക്ഷിതമാക്കാനും ശ്രദ്ധിക്കേണ്ടതാണ്. (ഉദാ:-മഹിളാ സമാജം, കൃഷിഭവൻ പഴയ കെട്ടിടം, സബ്സെന്റർ)

9. ഔദ്യോഗികമായി അച്ചടിക്കുന്ന നോട്ടീസ്, ബ്രോഷർ തുടങ്ങിവയിൽ ഫയൽ നമ്പർ, അച്ചടിച്ച പ്രസിന്റെ പേര്, കോപ്പികളുടെ എണ്ണം തുടങ്ങിയവ ചേർക്കേണ്ടതാണെങ്കിലും, പലതിലും ആയത് ചേർത്തിട്ടില്ല. ഉദാ:- മെഡിക്കൽ ഓഫീസർ.

10. നിർവഹണ ഉദ്യോഗസ്ഥരുടെ കണ്ടിജന്റ് ചെലവിനു നൽകുന്ന മുൻകൂർ തുകകൾ ചെക്ക് മാറി ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുമ്പോൾ കാഷ് ബുക്ക് നീക്കിയിരുപ്പിൽ നിന്ന് ഒഴിവാക്കുന്നതായി കാണുന്നു. (ഉദാ:- മെഡിക്കൽ ഓഫീസർ(PHC), കൃഷി ഓഫീസർ, വെറ്ററിനറി സർജൻ). ട്രഷറി സേവിങ്സ് അക്കൗണ്ടിലെ ബാലൻസ് തുക കാഷ് ബുക്കിൽ കാണിക്കേണ്ടതാണ്.

11. കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട കാഷ് ബുക്കിനു പകരം കാഷ് ബുക്ക് സമ്മറി പ്രിന്റെടുക്കുക, നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ട പ്രത്യേക ഫോറത്തിലുള്ള രസീതി ബുക്ക് നൽകാതിരിക്കുക എന്നീ അപാകതകളും കാണുന്നു. ആയത് പരിഹരിക്കാൻ ഉചിതമായ ശ്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്.

12. തൊഴിൽ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ട എല്ലാ തുകകളും ഈടാക്കാൻ ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ്. സൂപർവൈസർ, പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന പെർഫോമൻസ് ഓഡിറ്റ് ഓഫീസ്, പ്രൊജക്ടുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ വിവരങ്ങൾ ലഭ്യമായിട്ടുള്ള ക്ഷീരോദ്പാദന സഹകരണ സംഘങ്ങൾ, തൊട്ടടുത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മഹിളാ സമാജം തയ്യൽ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

13. പഞ്ചായത്ത് ഓഫീസ്, വിട്ടു കിട്ടിയ സ്ഥാപനങ്ങൾ, അവയുടെ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം ഭൗതിക സാഹചര്യങ്ങളോടൊപ്പം സേവന പ്രദാന സാഹചര്യവും വർധിപ്പിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ “Proj. No. 101/21 : പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും നെറ്റ് കണക്ഷനും വാങ്ങൽ ” പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നേരിട്ട് പരിശോധിക്കാൻ, പഞ്ചായത്ത് ഓഫീസിനടുത്തുള്ള നെന്മിനി ഉപകേന്ദ്രം സന്ദർശിച്ചപ്പോൾ, പ്രസ്തുത ഉപകേന്ദ്രത്തിന്റെ പ്രവർത്തന സമയം ഉച്ചക്ക് 2 മണി മുതൽ 4 വരെയാണെന്ന് വിശദീകരിച്ചെങ്കിലും, ആയത് സ്ഥാപനത്തിലൊരിടത്തും പ്രദർശിപ്പിച്ച കണ്ടില്ല. ഇത്തരം നടപടികൾ ഗ്രാമപഞ്ചായത്ത് വിലയിരുത്തേണ്ടതാണ്.

## 1-10 പദ്ധതി അവലോകനം.

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-09-2021 മുതൽ 30-09-2021 വരെ | 05/21 മുതൽ 07/21 വരെ | 30-09-21 |
| എ.ജി. ഓഡിറ്റ് | 13-12-2007 | 1997-98 മുതൽ 2006-07 വരെ | 25-08-2008 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1) അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. B-18 ഷെഡ്യൂളിൽ Deposit With GWD ഇനത്തിൽ ഉള്ള 546418 രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2) Profession Tax Employees ഇനത്തിൽ രജിസ്റ്റർ പ്രകാരം വരവ് 1228400 രൂപയാണ് എന്നാൽ AFS (RP-1) പ്രകാരം വരവ് 1234650 രൂപയാണ്.

3) ICDS (Central Share) ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) സാംഖ്യ നിലവിൽ വരുന്നതിന് മുമ്പ് ആർജ്ജിച്ച ആസ്തികളുടെ മൂല്യം AFSൽ ബുക്ക് ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 ഭൗതിക സൗകര്യങ്ങൾ ഒരുക്കാതെ വനിതാ ശാക്തീകരണ കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങി-ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 138/20-21 |
| പ്രോജക്റ്റിന്റെ പേര് | മുള്ള്യാകുർശി വനിതാ ശാക്തീകരണ കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 250000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 244682 |
| ബിൽ നം. | 14/25.01.21 |
| നിർവ്വഹണം | ICDS സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം ടെണ്ടർ നടപടികളിലൂടെ 244682/- രൂപ ചെലവഴിച്ച് മുള്ള്യാകുർശി കുടുംബശ്രീ വനിതാ ശാക്തീകരണ കേന്ദ്രത്തിലേക്ക് തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും BPRO Solutions, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിലും തുടർന്നുള്ള സ്ഥല പരിശോധനയിലും പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കണ്ടെത്തി.

നം. A9/16.11.20 തുക- 97197, നം. A10/16.11.20 തുക- 96500, നം. A10/16.11.20 തുക- 50985 എന്നീ ഇൻവോയിസുകൾ പ്രകാരം വാങ്ങി നൽകിയ ഉപകരണങ്ങൾ താഴെ പറയുന്നവയാണ്.

സ്റ്റിച്ചിംഗ് ഹൈസ്പീഡ് മെഷീൻ - 6 എണ്ണം

സ്റ്റിച്ചിംഗ് മീഡിയം ഹൈസ്പീഡ് മെഷീൻ - 5 എണ്ണം

ലോക്ക് മെഷീൻ - 2എണ്ണം

കട്ടിംഗ് മോട്ടോർ - 3 എണ്ണം

ഇസ്തിരിപ്പെട്ടി - 2എണ്ണം

കട്ടിംഗ് ടേബിൾ - 2 എണ്ണം

ഫാഷൻ മേക്കർ മെഷീൻ - 1 എണ്ണം

കത്രിക – 10 എണ്ണം

16.11.20ൽ ലഭ്യമായ മേൽ ഉപകരണങ്ങൾ മുള്ള്യാകുർശി അംഗൻവാടിയുടെ മുകൾ നിലയിൽ ജില്ലാ പഞ്ചായത്തിന്റെ 2020-21വർഷത്തെ പദ്ധതിയിലൂടെ വനിതാ തൊഴിൽ പരിശീലനത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായി 04.12.21ന് നടത്തിയ സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞു. ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കെട്ടിടത്തിന് വയറിംഗ് നടത്തുകയോ ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തയ്യൽ പരിശീലനം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

വനിതാ ശാക്തീകരണ കേന്ദ്രത്തിന്റെ മേൽനോട്ടത്തിനും തുടർ നടത്തിപ്പിനും വേണ്ടി ചെയർമാനും കൺവീനറുമുൾപ്പെടുന്ന 9അംഗ ഗുണഭോക്തൃ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തൊഴിൽ സംരംഭം പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ലെന്നും പദ്ധതി അതിന്റെ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലെന്നും ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ പരിഹരിച്ച്

പ്രവർത്തനത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.5/20-21/6-12-21ന് മറുപടി നൽകിയിട്ടുണ്ട്.

ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി തൊഴിൽ പരിശീലന കേന്ദ്രം യാഥാർത്ഥ്യമാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അതുവരെ ചെലവ് തുക 244682/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-13 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും 100 പക്ഷികളിൽ കൂടുതലുള്ള പൗൾട്രി ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോകുവാനോ പാടുള്ളതല്ല. വസ്തു നികുതി നിർണയ രേഖകൾ പരിശോധിച്ചതിൽ നിലവിൽ 11ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ 4 പൗൾട്രി ഫാമുകൾ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിയുടെ പേര് | കെട്ടിട നമ്പർ | വളർത്തുന്ന പക്ഷി/ മൃഗങ്ങളുടെ എണ്ണം | ലൈസൻസ് ഫീ |
|---|---|---|---|
| ഇബ്രാഹിം എം.കെ | 7/605A | 2500 | 500 |
| ഹംസ | 2/348A | 1000 | 200 |
| ഉമ്മർ ഖത്താബ് | 15/123A | 5 (കന്നുകാലി) | 100 |
| ശിവരാമൻ | 2/172B | 1500 | 500 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 6/2020-21 തീയതി 06-12-2021ക്ക് ശ്രീ.ഇബ്രാഹിം മുതിരക്കുളവൻ എന്നവരുടെ ഉടമസ്ഥതയിൽ കെ.പി. 7/605A നമ്പർ പ്രവർത്തിച്ചു വരുന്ന കോഴി ഫാം 2021-22 സാമ്പത്തിക വർഷത്തിൽ 121230-102199,121230-102200 (15/11/2021) എന്നീ രസീതി നമ്പർ പ്രകാരം കുടിശിക ഉൾപ്പെടെ അടവാക്കിയിട്ടുണ്ടെന്നും, മറ്റു ഫാമുകൾ കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് ലൈസൻസ് പുതുക്കാൻ കഴിയാതെ വന്നതെന്നും, കുടിശിക ഉൾപ്പെടെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ/പേര് | തുക | ബിൽ/ചെക്ക്, നമ്പർ/തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 2/20-21 എസ് എസ് എ പഞ്ചായത്ത് വിഹിതം അടവാക്കൽ | 13,00,000 | 201503520047004486469 തി. 9-9-2020 | എസ് എസ് എ ജില്ലാ പ്രോജെക്ട് ഓഫീസിൽ അടവാക്കി. |

| | | | | |
|---|---|---|---|---|
| | വികസന ഫണ്ട് | | | |
| 2 | 3/20-21<br>എസ് എസ് എ പഞ്ചായത്ത് വിഹിതം അടവാക്കൽ<br>വികസന ഫണ്ട് എസ് സി പി | 5,00,000 | 20150352004700486470തി. 9-9-2020 | എസ് എസ് എ ജില്ലാ പ്രോജെക്ട് ഓഫീസിൽ അടവാക്കി. |
| 3 | 301/20-21<br>പി എംഎവൈ വിഹിതം നൽകൽ<br>വികസന ഫണ്ട് എസ് സി പി | 1,40,000 | 20150352004701182938 തി. 5-3-2021 | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കി. |
| 4 | 159/20-21<br>വിവിധ പ്രദേശങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കൽ(SO)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,73,528 | 20150352004700144383 തി. 13-5-2020 | ഭൂജലവകുപ്പ് മലപ്പുറം ജില്ലാ ഓഫീസിൽ അടവാക്കി. |
| 5 | 273/20-21<br>വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 95,574 | 20150352004700966085 തി. 22-1-2021 | ഭൂജലവകുപ്പ് മലപ്പുറം ജില്ലാ ഓഫീസിൽ അടവാക്കി. |
| | 246/20-21<br>കുഴൽക്കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കുന്നതിന് വിഹിതം നൽകൽ (SO)<br>തനത് ഫണ്ട് | 1,62,138 | JN 1837430<br>തി. 22-5-2020 | ജലവകുപ്പ് മലപ്പുറം ജില്ലാ ഓഫീസിൽ അടവാക്കിയത്. |
| | ആകെ | 23,71,240 | | |

ഇത സംബന്ധിച്ച് നമ്പർ 1/2-12-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 23,71,240 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം.

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്.ഇത സംബന്ധിച്ച് സ . ഉ(എംഎസ്) നം 252/2017/തസ്വഭവ തി. 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്.കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

2019-20 വർഷത്തിലാണ് അഗതിരഹിത കേരളം പദ്ധതി കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത്.ആയതിന് താഴെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| ഫണ്ട് | തുക |
|---|---|
| ചലഞ്ച് ഫണ്ട് | 1060600 |
| പ്ലാൻ ഫണ്ട് | 7900000 |

2019-20,2020-21 സാമ്പത്തിക വർഷത്തിങ്ങളിൽ അഗതിരഹിത കേരളം പദ്ധതിക്ക് താഴെ പറയും പ്രകാരം തുക ലഭ്യമായിട്ടുണ്ട്.

| ഫണ്ട് | ലഭ്യമായ തുക |
|---|---|
| ചലഞ്ച്ഫണ്ട് വിഹിതം | 280993 |
| പ്ലാൻ ഫണ്ട് | 2,50,000<br>5,00,000 |

മേൽ തുക കെ ജി ബി ബാങ്ക് കീഴാറ്റൂർ ശാഖയിലാണ് നിക്ഷേപിച്ചിരുന്നത്. മേൽ അക്കൗണ്ടിൽ അക്കൗണ്ട് നമ്പർ 40197101071555 ജനറൽ 1-11-21 ൽ 3,80,808 രൂപ ഉണ്ട് .ആശ്രയ ബാലൻസ് 4,41,901 രൂപ അഗതിരഹിത കേരളം അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു.

നിലവിൽ 34 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. ഭക്ഷണകിറ്റ് വിതരണത്തിനായി 2019-20 വർഷത്തിൽ ചലഞ്ച് ഫണ്ടിൽനിന്നും 295200 രൂപയും 20-21 ൽ 290200 രൂപയും ചെലവഴിച്ചിട്ടുണ്ട്. 5 ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിനായി 3,80,000 രൂപയും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി 18,000 രൂപയും മരണാനന്തര ചടങ്ങിലേക്ക് 6000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾ

1 2019-20,2021 വർഷങ്ങളിൽ ജില്ലാ പഞ്ചായത്തും , ബ്ലോക്ക് പഞ്ചായത്തും തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അപ്രകാരമുള്ള വിഹിതം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2 പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയതിക്കു മുമ്പായി വിലയിരുത്തൽ സമിതി യോഗം ചേർന്ന് പദ്ധതി പുരോഗതി അവലോകനം ചെയ്ത് മിനുട്ട്സിന്റെ പകർപ്പ് ജില്ലാ കോ - ഓർഡിനേറ്റർക്ക് അയച്ചു കൊടുക്കേണ്ടതുണ്ട്. മിനുട്ട്സ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽആകെ 4 തവണ മാത്രമാണ് വിലയിരുത്തൽ സമിതി യോഗം ചേർന്നതായി കാണുന്നത്. ഉപസമിതിയുടെ യോഗവിവരം ലഭ്യമായിട്ടില്ല

3 പദ്ധതിയുടെ മാർഗരേഖ പ്രകാരം ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ഭക്ഷണകിറ്റ് വിതരണവും വീട് റിപ്പയറിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കും നാമമാത്രമായ തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യം,വസ്ത്രം,പെൻഷൻ തുടങ്ങിയ അതിജീവന ആവശ്യങ്ങളും മാനസിക ആവശ്യങ്ങളും,വികസന ആവശ്യങ്ങളും പരിഗണിച്ചിട്ടില്ല. സ്പോൺസർഷിപ്പ് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. പദ്ധതിക്കാലയളവിൽ ഗുണഭോക്താക്കൾക്ക് എല്ലാ സേവനങ്ങളും ലഭ്യകാകുന്നുണ്ടെന്ന് നിർവഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

4 അയൽക്കൂട്ടങ്ങൾ അഗതി കുടുംബ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5 പുതുതായി അംഗങ്ങളെ ചേർക്കുവാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.

6 അഗതിരഹിത കേരളവുമായി ബന്ധപ്പെട്ട രേഖകൾ മാസത്തിലൊരിക്കൽ ജില്ലാ മിഷൻ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

പദ്ധതി അവസാനിക്കുവാൻ മാസങ്ങൾ മാത്രമുള്ള സാഹചര്യമാണുള്ളത്. അപാകതകൾ പരിഹരിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 180 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 137പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 180 | ആകെ അടങ്കൽ | 39769547 |
| നടപ്പിലാക്കിയത് | 137 | ചെലവ് | 25030008 |
| ശതമാനം | 76 | ചെലവ് ശതമാനം | 63 |

43 പ്രൊജക്ടുകൽ നിർവ്വഹണം നടത്താൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാതല മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട 37% ഫണ്ട് നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. എന്ണക്കൂടുതൽ മൂലമാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 44041/- രൂപ അധിക തുക നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിലെ അപാകത മൂലം 44041/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 എയിഡഡ് സ്കൂളുകൾക്ക് ഷീ ടോയിലറ്റ്- വിവിധ അപാകതകൾ

എയിഡഡ് സ്കൂളുകൾക്ക് ഷി ടോയിലറ്റ് (152/21) എന്ന പ്രൊജക്ട് പ്രകാരം ഗ്രമ പഞ്ചായത്തിലെ 8 എയിഡഡ് സ്കൂളുകളിൽ ഷി ടോയിലറ്റ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | എയിഡഡ് സ്കൂളുകൾക്ക് ഷി ടോയിലറ്റ് (152/21) |
| കരാർ | 105/AE/LSGD/KZTR/2018-19/21.02.2019 |
| ടി എസ് | 105261/2018-19 (CI 37.255) |
| എം ബുക്ക് | 955/17-18, 957/7-18, 749/16-17 |
| അടങ്കൽ/ ചെലവ് | 16,05,440/ 1042689 |
| PAC | 15,90,051 (E Tender) |
| വൗച്ചർ | 19/2020-21/20.04.20, 62/ 2020-21/04.09.20, 63/2020-21/04.09.20 |
| കരാറുകാരൻ | ശിഹാബുദ്ധീൻ പി |
| സൈറ്റ് കൈമാറിയത് | 21.02.2019 |

പ്രൊജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. സർക്കാർ സ്കൂളുകളിൽ ആവശ്യമായ സൗകര്യമുണ്ടെന്ന് ഉറപ്പു വരുത്തിയില്ല.

പദ്ധതി മാർഗ്ഗരേഖയുടെ [GO(Ms)No. 11/2018/LSGD/29.01.2018] ഖണ്ഡിക 7.6.8പ്രകാരം എല്ലാ സർക്കാർ സ്കൂളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും, ടോയ് ലെറ്റും, വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം പ്രസ്തുത സൗകര്യങ്ങൾ എയിഡഡ് സ്കൂളുകളിലും

ഏർപ്പെടുത്താവുന്നതാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ്, ഭരണ സമിതി മിനുട്സ്, പ്രൊജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ, ഭരണ സമിതിയുടെ 04.08.2018-ലെ 1/6 നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് അധീനതയിലുള്ള എല്ലാ സ്കൂളുകൾക്കും ആവശ്യത്തിന് ശുചീകരണ മുറികൾ ഉള്ളതിനാൽ പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ എയിഡഡ് സ്കൂളുകൾളിലും പെൺകുട്ടികൾക്കുള്ള ശുചീകരണ മുറികൾ നിർമ്മിച്ച നൽകുന്നതിന് തീരുമാനമെടുത്തതായി ബോധ്യപ്പെട്ടു. പഞ്ചായത്ത് അധീനതയിലുള്ള ഓരോ സ്കൂളുകളിലേയും ആൺ-പെൺ കുട്ടികളുടെ എണ്ണം അവക്ക് ആവശ്യമായ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും, ടോയ് ലെറ്റും, വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ/ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. യഥാസമയം കരാർ ഒപ്പ് വെക്കാത്തതിന്ന് 15,901/- രൂപ ഈടാക്കിയില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി (മിനിമം 1000 രൂപയും പരമാവധി 25000രൂപയും) കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009.6 -ൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ മേൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് 25.01.2019-ന് സെലക്ഷൻ നോട്ടീസ് നൽകുകയും, പ്രസ്തുത ദിവസം തന്നെ ടിയാൻ ആയത് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ [14ദിവസത്തിനകം] കരാർ വെക്കാതെ 21.02.2019 തിയ്യതിക്കാണ് കരാർവെച്ചിട്ടുള്ളത്. ആയതിനാൽ കരാറുകാരനിൽ നിന്നും 15,901/- രൂപ [1%PAC] പിഴ ഇടാക്കാതെ കരാർ ചമച്ചത് ക്രമ പ്രകാരമല്ല. ആയത് ഈടാക്കേണ്ടതാണ്.

3. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് 77738/- രൂപ ഫൈൻ ഈടാക്കിയില്ല.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നത്തിനുള്ള അപേക്ഷ കരാറുകാർ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത മേൽ പ്രവൃത്തിക്ക് പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പൂർത്തീകരിക്കേണ്ട തിയ്യതി | 31.08.2019<br>[Agr Reg. Sl No. 105] |
| പൂർത്തീകരിച്ച തിയ്യതി | 27.05.2020 (M.B 749/2016-17) |
| പിഴ ഇനത്തിൽ ഈടാക്കേണ്ടതുക | 77738/-<br>[Ie, 01.09.19 To 30.11.19 (1%PAC)= 15901<br>01.12.19 To 29.02.20 (2%PAC)= 31802<br>01.03.20 To 26.05.20 (2%PAC)= 30035] |

പിഴ ഈടാക്കാതെ കരാറുകർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. ആയത് ഈടാക്കേണ്ടതാണ്.

അപാകത 1-ന് വിശദീകരണം ലഭ്യമാക്കേണ്ടതും, അപാകത 2,3 പ്രകാരമുള്ള 93,639/- രൂപയുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-19 കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി

കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്റ്റ് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതു പ്രകാരം താഴെപ്പറയുന്ന വ്യക്തികൾക്ക് / സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) പഞ്ചായത്തിന്റ പരിധിയിലുള്ള കോൺട്രാക്ടേഴ് സ്

2) പെർഫോമൻസ് ഓഡിറ്റ് ഓഫീസ്.

3) റേഷൻ കടകൾ

4) ഐ സി ഡി എസ് സൂപ്പർവൈസർ

5)മഹിളാ സമാജം

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 6/2020-21 ക്ക് ശ്രീ.ഇബ്രാഹിം മുതിരുക്കുളവൻ എന്നവരുടെ ഉടമസ്ഥതയിൽ കെ.പി. 7/605A നമ്പറിൽ പ്രവർത്തിച്ച വരുന്ന കോഴി ഫാം 2021-22 സാമ്പത്തിക വർഷത്തിൽ 121230-102199,121230-102200 (15/11/2021) എന്നീ രസീതി നമ്പർ പ്രകാരം കുടിശ്ശിക ഉൾപ്പെടെ അടവാക്കിയിട്ടുണ്ടെന്നും, മറ്റു ഫാമുകൾ കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് ലൈസൻസ് പുതുക്കാൻ കഴിയാതെ വന്നതെന്നും, കുടിശ്ശിക ഉൾപ്പെടെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ പരിധിയിലുള്ള കോൺട്രാക്ടേഴ്സിൽ നിന്നും നിലവിൽ തൊഴിൽ നികുതി ഈടാക്കുന്നില്ല. അസി. എഞ്ചിനീയറുടെ പക്കൽ നിന്നും 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുള്ള കോൺട്രാക്ടേഴ്സിന്റെ പട്ടിക ലഭ്യമാക്കി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെർഫോമൻസ് ഓഡിറ്റ് ഓഫീസിലെ ഉദ്യോഗസ്ഥർ മലപ്പുറം അസി. ഡയറക്ടർ ഓഫ് പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരാണ്. നിലവിൽ ഈ ജീവനക്കാരുടെ പ്രൊഫഷണൽ ടാക്സ് മലപ്പുറം അസി. ഡയറക്ടർ ഓഫ് പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലാണ് അടവാക്കുന്നത്. റൂട്ടിൻ ഓഡിറ്റ് എല്ലാ മാസങ്ങളിലും നടക്കുന്നതിനാൽ ഈ ജീവനക്കാർ അവരുടെ യൂണിറ്റിന് കീഴിലുള്ള വിവിധ പഞ്ചായത്തുകളിലായിരിക്കും ഉണ്ടാവുകയെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

കീഴാറ്റൂർ പഞ്ചായത്തിലെ മുഴുവൻ റേഷൻ കടകളും തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബാങ്ക് , പട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ ഉടമസ്ഥതയിലാണ്. ലൈസൻസ് എടുക്കുന്നതിനും, തൊഴിൽ നികുതി അടവാക്കുന്നതിനും ബാങ്ക് സെക്രട്ടറിയോടും, താലൂക്ക് സപ്ലൈ ഓഫീസറോടും ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രതികരണം ഉണ്ടായില്ല. ഇക്കാര്യത്തിൽ ബാങ്ക് സെക്രട്ടറിമാർക്ക് കത്തയച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഐ സി ഡി എസ് പ്രൊജക്റ്റ് ഓഫീസ് പ്രവർത്തിച്ചിരുന്നത് വെട്ടത്തൂർ പഞ്ചായത്തിന്റെ പരിധിയിലുള്ള പട്ടിക്കാട് ചുങ്കം പ്രദേശത്താണ്. ആയതിനാൽ വെട്ടത്തൂർ പഞ്ചായത്തിലാണ് തൊഴിൽ നികുതി അടവാക്കുന്നത്. നിലവിൽ കീഴാറ്റൂർ പഞ്ചായത്തിന്റെ പരിധിയിലായതിനാൽ ഈ പഞ്ചായത്തിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മഹിളാ സമാജം എന്ന സ്വയം തൊഴിൽ സംഘം തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 44,041/-രൂപ അധികം നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm Gl/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ ഡാറ്റയിൽ നിന്നും 0.35 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സർവഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Observed Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ എണ്ണവുമാണ് നൽകിയിട്ടുള്ളത്. 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം ചെയ്യതിൽ മേൽ പ്രവർത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. [പഞ്ചായത്തിൽ ഉപയോഗിച്ച Observed Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് ഇതിലും ഉൾപ്പെടുത്തിയിട്ടുള്ളത്].

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.92 |
| Total | | | | | 396.73 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 30.04 |
| Total | | | | | 486.28 |

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലമുള്ള അധിക ചെലവിന്റെ

വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്: MCF കെട്ടിട വിപുലീരണം (240/21)<br>TS No: 114446/2019-20 (CI 31.06%)<br>Agr.No: 29/AE/LSGD/KZTR/19-20 (Esti Rate)<br>M.Book No: 471/2020<br>അടങ്കൽ/ ചെലവ്: 166000/ 160509<br>Vr.No: 42/2020-21/05.08.20<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | $87.60m^2$<br>(Esti. Item No.10) | 59634/-<br>(@607.83/$m^2$ + 12% GST) | 47710/-<br>(@486.28/$m^2$ + 12% GST) | 11924/- |
| 2 | പ്രൊജക്ട്: അരീച്ചോല സബ് സെന്റർ അധിക സൗകര്യം ഒരുക്കൽ (203/21)<br>TS No: 87953/2019-20 (CI 31.06%)<br>Agr.No: 80/AE/LSGD/KZTR/19-20 (Below ER 10.11%)<br>M.Book No: 59/2018A<br>അടങ്കൽ/ ചെലവ്: 250000/ 213337<br>Vr.No: 18/2020-21/20.04.20<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | $151.96m^2$<br>(Esti. Item No.03) | 92991/-<br>(@607.83/$m^2$ -Below ER 10.11%+ 12% GST) | 74395/-<br>(@486.28/$m^2$ -Below ER 10.11%+ 12% GST) | 18596/- |
| 3 | പ്രൊജക്ട്: ഹെൽത്ത് സെന്റർ അടിസ്ഥാന സൌകര്യമൊരുക്കൽ (154/21)<br>TS No: 114446/2019-20 (CI 37.25%)<br>Agr.No: 73/AE/LSGD/KZTR/18-19 (Below 8%)<br>M.Book No: 48/2018A<br>അടങ്കൽ/ ചെലവ്: 250000/ 227198<br>Vr.No: 15/2020-21/20.04.20<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | $115.80m^2$<br>(Esti. Item No.2.11) | 58453/-<br>(@548.67/$m^2$ - 8%) | 51806/-<br>(@486.28/$m^2$ - 8%) | 6647/- |
| 4 | പ്രൊജക്ട്: ചെമ്മംത്തട്ട അംഗനവാടി റിപ്പയർ (205/21)<br>TS No: 38772/2019-20 (CI 31.06%)<br>Agr.No: 28/AE/LSGD/KZTR/19-20 (Esti Rate)<br>M.Book No: 74/2019A | $50.49m^2$<br>(Esti. Item No.04) | 34372/-<br>(@607.83/$m^2$ + 12% GST) | 27498/-<br>(@486.28/$m^2$ + 12% GST) | 6874/- |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ/ ചെലവ്: 150000/ 147815<br>Vr.No: 92/2020-21/09.12.20<br>കരാറുകാരൻ: ഷിഹാബുദ്ധീൻ | | | | |

അധികം നൽകിയ 44041/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനീയർ, സാങ്കേതിക അനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 25.11.2021 മുതൽ 08.12.2021വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2020-2021 | 258502 | 50/21 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 258502 | 0 |
| | | 276250 | 10/21 നെൽകൃഷി വികസനം | 276250 | 0 |
| | | 255000 | 156/21 നെൽകൃഷി വികസനം(SO) | 255000 | |
| | | 213541 | 209/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 213541 | 0 |
| | | 200000 | 199/21 പൂന്താനം പറമ്പൂർ ജുമാമസ്ജിദ് റോഡ് പുനരുദ്ധാരണം | 200000 | 0 |
| | | 533548 | വയോജനങ്ങൾക്ക് കട്ടിൽ | 533548 | |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 300000 | 50/21 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ | പ്രവൃത്തിയുടെ | ബിൽ നം. | മുൻകൂർ | ചെല | പൂർത്തീ | ചെലവഴി |
|---|---|---|---|---|---|---|

| ഏജൻസി | പേര് | | നൽകിയ തുക | വഴിച്ച തുക | കരിച്ച വിവരം | ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 159/21 വിവിധ പ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കൽ | 2015035200 4700144383 /13.05.2020 | 173528 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 173528 |
| ഭൂജല വകുപ്പ് | 246/21കുഴൽ കിണറുകൾക്ക് ഹാന്റ് പമ്പ് സ്ഥാപിക്കൽ | 22000118/27.05.2020 | 162138 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 162138 |
| ഭൂജല വകുപ്പ് | 273/21 വിവിധ പ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കൽ | 201503520 04700966085/ 22.01.2021 | 103714 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 103714 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് പദ്ധതി | ലഭ്യമല്ല | 4049845 | 3608083 | 468156 | 0 | 3139927 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10931028 |
| തൻവർഷം നിക്ഷേപിച്ച തുക | 847155 |
| ആകെ | 11778183 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 11778183 |

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| പട്ടിക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 11778183 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 3(1) | 2006-07 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് | നടപടികൾ തുടരുന്നു |
| 2001-02 | 3(3) | 2006-07 | അരിക്കണ്ടം പാക്ക് ചമ്രവട്ടം റോഡ് -മരാമത്ത് പണി- അധികം തുക നൽകി | നടപടികൾ തുടരുന്നു |
| 2001-02 | 3(4) | 2006-07 | കീഴാറ്റൂർ മണിയാണിനിക്കടവ് റോഡ് ടാറിങ്ങ് | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 96-97 | 12 | ശ്രീ. മുഹമ്മദ് ബഷീർ | LF 7905/ Spl.cell/SC1 /2000/01.07.2002 | 12848 | തുക അടവാക്കിയിട്ടില്ല. |
| 2 | 2002-03 | 3(3),3(4) | ശ്രീ.ദിവാകരൻ | LF 21218/ Spl.cell/SC5/05 31.8.09/10.9.09 | 98086 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല,2003-04 ലേത് ഉൾപ്പെടെ |
| 3 | 2003-04 | 3-25 | ശ്രീ.പി.ദിവാകർ | LF 19433/ Spl.cell/SC5/09 12/2010 | 37381 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല |
| 4 | 2007-08 | 3-10 | ശ്രീ.സി.ആർ.കൃഷ്ണകുമാർ | LF 17136/Sp. Cell/SC-D1/12 Dt. 24.10.14 | 203846 | OP 1128/11 ജില്ലാ കോടതി എറണാകുളം |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101522599 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93914753 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44041 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2615922 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | | |
|---|---|---|---|
| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 22020.5 | ശ്രീ. അബ്ദുൾ ജലീൽ,അസിസ്റ്റന്റ് എഞ്ചിനീയർ കീഴാറ്റൂർ പഞ്ചായത്ത് |
| 3-1 | | 22020.5 | ശ്രീ. ഉമ്മർ കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 44041 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 244682 | ശ്രീമതി.ശ്രീലത, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-14 | 2231240 | ശ്രീ. ഷറഫുദ്ദീൻ ഇ,സെക്രട്ടറി |
| 1-14 | 140000 | ശ്രീമതി. താഹിറ എൻ, സെക്രട്ടറി ഇൻ ചാർജ് |
| ആകെ | 2615922 | |

സ) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷറഫുദ്ദീൻ.ഇ | സെക്രട്ടറി കീഴാറ്റൂർ പഞ്ചായത്ത് | എടക്കുമ്പൻ ഹൌസ്, പള്ളിപ്പുറം പി.ഒ,മങ്കട |
| ശ്രീ.അബ്ദുൾ ജലീൽ | അസിസ്റ്റന്റ് എഞ്ചിനീയർ,കീഴാറ്റൂർ പഞ്ചായത്ത് | തയ്യിൽ ഹൌസ്,പാലക്കുളം, കരുവമ്പ്രം പി ഒ, മഞ്ചേരി |
| ശ്രീ. ഉമ്മർ കെ, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പെരിന്തൽമണ്ണ ബ്ലോക്ക് | കാരയിൽ ഹൗസ്, നെല്ലിക്കാപറമ്പ്, മുക്കം, കോഴിക്കോട് പിൻ-673602 |
| ശ്രീമതി. താഹിറ എൻ, | സെക്രട്ടറി ഇൻ ചാർജ് | കുരിമണ്ണിൽ മേലേമണ്ണിൽ ഹൌസ്, കടമ്പോട് പി ഒ |
| ശ്രീമതി.ശ്രീലത, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീലയം ഹൌസ്, ചെമ്പ്രശ്ശേരി, പാണ്ടിക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ- ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | LFM14/352/02 Dtd 14-2-2011 | 07 |
| 1997-98 | LFM110/777/2004 Dtd14-2-2011 | 36 |
| 19998-99 | LFM16/630/2006 Dtd14-2-2011 | 33 |
| 1999-2000 | LFM16/631/2006 Dtd14-2-2011 | 31 |
| 2000-2001 | LFM16/6327/2006 Dtd14-2-2011 | 39 |
| 2001-2002 | LFM16/907/2006 Dtd14-2-2011 | 14 |
| 2002-2003 | LFM16/1236/2007 Dtd14-2-2011 | 29 |
| 2003-2004 | LFM16/1885/2007 Dtd14-2-2011 | 41 |
| 2004-2005 | LFM16/1896/2008 Dtd14-2-2011 | 18 |
| 2005-2006 | LFM16/1134/2009 Dtd113-01-2011 | 10 |
| 2006-2007 | LFM11/1135/2009 Dtd13-01-2011 | 24 |
| 2007-2008 | LFM16/63/2012 Dtd2-7-2012 | 13 |
| 2008-2009 | LFM11/1091/2013 /3-1-2014 | 19 |
| 2009-10 &2010-11 | LFM11/883/2014/13-6-2014 | 21 |
| 2011-12 & 2012-13 | KSA/MPM11/1423/2015/ 25-8-2015 | 16 |
| 2013-14 & 2014-15 | KSA/MPM11/1930/2016 03-8-2016 | 15 |
| 2015-16 | KSA/MPM(11)/3206/2016/19.11.16 | 4 |
| 2016-17 | KSA/MPM(11)/2010/2017/20.10.2017 | 17 |
| 2017-18 | KSA/MPM(11)/225/2019/21-02-2019 | 9 |
| 2018-19 | KSA/MPM(11)/2570/2019/14-8-20(FR) | 9 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്